compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജനുവരി 20
Tuesday, 20th January 2026

1201 മകരം 6
6th Makaram 1201

1947 പൌഷം 30
30th Pousha 1947

വാല്യം 15
Vol. XV

നമ്പർ / **No.** **3**

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ : സുരേഷ് കുമാർ, റ്റി.)

നമ്പർ JRGKLM/4344/2025-CRB. 2026 ജനുവരി 6.

വിഷയം :—സഹകരണ വകുപ്പ്—അഞ്ചൽ സെന്റ് ജോൺസ് കോളേജ് സ്റ്റാഫ് സഹകരണ സംഘം (ക്ലിപ്തം) ക്യൂ. 1048 സഹകരണ സംഘത്തിന്റെ പ്രവർത്തനം സഹകരണ നിയമം 71 (2) ബി പ്രകാരം സമാപ്തീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) അഞ്ചൽ യൂണിറ്റ് ഇൻസ്പെക്ടർ കേരള സഹകരണ നിയമം വകുപ്പ് 66(1) അനുസരിച്ച് നടത്തിയ പരിശോധന റിപ്പോർട്ട്.

(2) പുനലൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 25-6-2025-ലെ ARGPNR/70/2025 നമ്പർ കത്ത്.

പുനലൂർ താലൂക്കിൽ ഉൾപ്പെട്ട അഞ്ചൽ സെന്റ് ജോൺസ് കോളേജ് സ്റ്റാഫ് സഹകരണ സംഘം (ക്ലിപ്തം) ക്യൂ. 1048-ന്റെ പ്രവർത്തനം, ഘടന, സാമ്പത്തിക സ്ഥിതി എന്നിവ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 66(1) പ്രകാരം അഞ്ചൽ യൂണിറ്റ് ഇൻസ്പെക്ടർ നടത്തിയ പരിശോധനയിൽ ടി സംഘം പ്രവർത്തന രഹിതമാണെന്നും സംഘത്തിന്റെ റിക്കോർഡുകൾ ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശീയമായി നടത്തിയ അന്വേഷണത്തിൽ സംഘത്തിന്റെ റിക്കോർഡ് ആയി നിലവിൽ 2-1-2024 മുതൽ 28-2-2025 വരെയുള്ള ഒരു നാൾ വഴി അല്ലാതെ സംഘത്തിന്റെ പ്രവർത്തനം വ്യക്തമാകുന്ന നിയമാനുസൃതമായ മറ്റ് രേഖകൾ ഒന്നും ലഭ്യമായിട്ടില്ലെന്ന് സൂചന (1) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അഞ്ചൽ ശാഖയിൽ 28-2-2025-ൽ ടി സംഘത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ 110612002000023-ൽ 14.19 രൂപ ബാക്കി ബ്രാഞ്ച് മാനേജർ സ്ഥിരീകരണ റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്.

ടി സാഹചര്യത്തിൽ അഞ്ചൽ സെന്റ് ജോൺസ് കോളേജ് സ്റ്റാഫ് സഹകരണ സംഘം (ക്ലിപ്തം) ക്യൂ. 1048 പുനരുജ്ജീവിപ്പിച്ച് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം ആണ് നിലനിൽക്കുന്നത് എന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതും ടി സംഘത്തെ ലിക്വിഡേഷൻ നടപടികൾക്ക് വിധേയമാക്കാവുന്നതാണെന്നും സൂചന (1) പ്രകാരം പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ 1969-ലെ സഹകരണ നിയമം വകുപ്പ് 71 (2) ബി പ്രകാരം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം പുനലൂർ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിരിക്കുന്നു. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ക്യൂ. 1048 അഞ്ചൽ സെന്റ് ജോൺസ് കോളേജ് സ്റ്റാഫ് സഹകരണ സംഘം (ക്ലിപ്തം)-ന്റെ ആസ്തി ബാധ്യതകൾ നിർണ്ണയിച്ച് സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് പുനലൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ അഞ്ചൽ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടിയാൻ ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കി വിവരം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, കൊല്ലം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.01.20 03:09:24 +05:30